DESPATCHED
On..6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 408(2)/2022/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **15114**/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.സഹീദ്,<br>S/o മുഹമ്മദ് കുട്ടി,<br>ദാറുൾ സലാം, ഉള്ളിവിളാകം,<br>വെട്ടൂർ, വർക്കല. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>സീനിയർ സൂപ്രണ്ട്,<br>റവന്യൂ ഡിവിഷണൽ ഓഫീസ്,<br>സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,<br>തിരുവനന്തപുരം. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.08.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.09.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.10.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.10. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.സഹീദ്, 01.10.2022ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.408(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 30.08.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, File No.RDOTVM/2503/2019-B1-ന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങളെ സംബന്ധിച്ചും ആയതുമായി ബന്ധപ്പെട്ട റിക്കാർഡുകളുടെ വിവരവും നൽകണമെന്നാണ്.

ആയതിന് 27.09.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ബി.1/2503/2019 നമ്പർ ഫയലിന്റെ പകർപ്പ് ലഭിക്കുന്നതിനാണ് 30.08.2022ന് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ടി ഫയലുകളിൽ ആകെ 52 പേജുകളുണ്ടെന്നും ഒരു പേജിന് 3 രൂപ നിരക്കിൽ ആകെ 156 രൂപ 0070-60-118-99 എന്ന ശീർഷകത്തിൽ ഒടുക്കി അസ്സൽ ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷ പ്രകാരമുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചത്.

4. എതിർകക്ഷി 28.10.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, No.RDOTVM/2503/2019-B1 നമ്പർ ഫയലിലെ വിവരം ലഭിക്കുന്നതിനായി ഹർജിക്കാരൻ ടി കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ടി ഫയലിൽ ആകെ 52 പേജുകളുള്ളതായും രേഖകളുടെ പകർപ്പ് ലഭിക്കുന്നതിന് 156 രൂപ ബന്ധപ്പെട്ട ശീർഷത്തിൽ ഒടുക്കി അസൽ രസീത് ഹാജരാക്കുന്നതിന് ഹർജിക്കാരന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവെങ്കിലും നാളിതുവരെ തുക ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പകർപ്പ് അനുവദിച്ചിട്ടില്ലാത്തതുമെണന്ന് ബോധിപ്പിക്കുന്നുവെന്നാണ്.

5. 25.02.2023 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/

**കമ്മീഷൻ സെക്രട്ടറി**
Ge/